# കനവ്




**സ്കൂൾ കോഡ് :29046**

/

# കനവ്




## കാർമൽമാതാ ഹൈസ്കൂൾ
## മാൻകടവ്
## ലിറ്റിൽ കൈറ്റ്സ്
## അംഗങ്ങൾ.........

# എഡിറ്റോറിയൽ.....,

സ്വപ്നം അഥവാ കനവ് നമ്മുടെ ജീവിതത്തെ മാറ്റിമറിക്കുന്ന ഒന്നാണ.കാരണം അതൊരു പ്രതീക്ഷയാണ്.നമ്മൾ



ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം, നമ്മുടെ ഉറക്കം നഷ്ടപ്പെടുന്നതാണ് യഥാർത്ഥ സ്വപ്നം. നമ്മൾ ഒരിക്കലും വിജയികളുടെ കഥകൾ വായിക്കരുത് അതിൽ നിന്നും നമുക്ക് സന്ദേശം മാത്രമേ ലഭിക്കുകയുള്ളൂ.പരാജിതരുടെ കഥകൾ വായിക്കുക അതിൽ നിന്നും നമുക്ക് വിജയിക്കാനുള്ള പ്രചോദനം ലഭിക്കും...നമ്മൾ കാണാത്തിടത്താണ് നമ്മുടെ ആഗ്രഹങ്ങൾ. നമ്മൾ എത്താത്തിടത്താണ് നമ്മുടെ സ്വപ്നങ്ങൾ. ജീവിതത്തിൽ ആരെയും നമ്മൾ വിലകുറച്ച് കാണരുത് ഓർക്കുക. നിലച്ചുപോയ ഘടികാരവും ദിവസത്തിൽ രണ്ടുപ്രാവിശ്യം നമുക്ക് യഥാർത്ഥ സമയം കാണിച്ചു തരും. അതിനാൽ സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക ആ ചിന്തിക്കുക ആ ചിന്തകളെ പ്രവർത്തിയിലൂടെ



**സഫലമാക്കുക.............................**

# കനവ്



# കനവ്



# ആശംസ



നാമെല്ലാം മുറിയപ്പെടാൻ , രൂപപ്പെടാൻ വിളിക്കപ്പെട്ട വജ്രങ്ങളാണ്. നിരന്തരമായ മിനുക്കലിലൂടെ പൂർണ്ണശോഭയിൽ ജ്വലിക്കുക എന്നതാണ് നമ്മുടെ ദൗത്യം. ജീവിതത്തിൽ നാം തെരഞ്ഞെടുക്കുന്ന, ഏല്പിക്കപ്പെടുന്ന മേഖലകൾ ഏതായാലും അതിന്റെ പ്രധാനവിജയഘടകം അതിനായുള്ള നമ്മുടെ തീവ്രാവേശമാണ്, ദാഹമാണ്, മുന്നേറാനുള്ള അഭിവാഞ്ഛയാണ്. നിങ്ങളുടെ തീവ്രദാഹത്തെ പിൻതുടരുക ബാക്കിയെല്ലാം പുറകെ വരും....

**ബെഷി പി. വർഗീസ്**

**ഹെഡ്മാസ്റ്റർ**

# കനവ്

little KITEs

# കനവ്

# കനവ്


| ക്രമ. നം. | രചന | പേജ് നം. |
|---|---|---|
| 1 | ദേശിയഗാനം | .............8 |
| 2 | മതൃഭാഷ | .............9 |
| 3 | അദിജീവനം | .............10 |
| 4 | മധുകണം | .............11 |
| 5 | കേരളം | .............12 |
| 6 | പക | .............13 |
| 7 | നമ്മടെ കേരളം | .............14 |
| 8 | മഴ | .............1 |
| 9 | പ്ലാസ്റ്റിക്കന്ന വിപത്തുകൾ | .............15 |
| 10 | കട്ടികാലം | .............17 |
| 11 | നീലാകാശം | .............18 |
| 12 | കുഞ്ഞേ നീ അറിയാൻ | .............19 |
| 13 | അബ്ദുൾ കലാം | .............20 |
| 14 | എഴുതുവാൻ.... | .............21 |

# കനവ്


| | | |
|---|---|---|
| 15 | പരിശ്രമം | ..............22 |
| 16 | സൗന്ദര്യം | ..............23 |
| 17 | സഹോദരങ്ങൾ | ..............24 |
| 18 | ബാല്യം | ..............25 |
| 19 | പ്രകൃതി | ..............26 |
| 20 | കനൽ | ..............27 |
| 21 | മഴത്തുള്ളി | ..............28 |
| 22 | നവ കേരളം | ..............29 |
| 23 | ഒരു രോഗം നമുക്ക് നൽകിയ.... | ..............30 |
| 24 | മാലിന്യ മുക്ത കേരളം | ..............31 |
| 25 | കേരളം | ..............32 |
| 26 | പകൽ | ..............33 |
| 27 | അമ്മ മലയാളം | ..............34 |
| 28 | ഓർമ്മയാകുന്ന മഴ | ..............35 |
| 29 | പുഴ | ..............36 |
| 30 | സംഗീതം | ..............37 |
| 31 | കുഞ്ഞുണ്ണി മാഷ് | ..............38 |


# കനവ്


| | | |
|---|---|---|
| 32 | ആത്മസംഗീതം | ..............39 |
| 33 | മഴനനഞ്ഞോരെൻ ബാല്യം | ..............40 |
| 34 | വാഹന അപകടം ഒഴിവാക്കുക | ..............41 |
| 35 | വേള്ളിലവള്ളി | ..............42 |
| 36 | കഥ മാന്ത്രികകല്ല് | ..............43 |
| 37 | ഭാഷ | ..............45 |
| 40 | നന്ദിയോടെ..... | ..............46 |
| .............................. | .............................. | .............................. |
| .............................. | .............................. | .............................. |
| .............................. | .............................. | .............................. |
| .............................. | .............................. | .............................. |
| .............................. | .............................. | .............................. |


//

# ദേശീയഗാനം

1950 ജനുവരി 24 നാണ് ഇന്ത്യാ ഗവൺമെന്റ്



രവിന്ദ്രനാഥ ടാഗോറിന്റെ ജനഗണമന എന്നു തുടങ്ങുന്ന ബംഗാളിഗാനം ദേശിയഗാനമായി അംഗീകരിച്ചത്.1911 ഡിസംബർ 27-ന് കൊൽക്കത്തയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 28-ാം വാർഷിക സമ്മേളനത്തിവലാണ് ആദ്യമായി ജനഗണമന ആലപിക്കപ്പെട്ടത്.1912 ജനുവരിയിൽ തത്വബോധിനി പത്രികയിൽ ഭാരത വിധാതാ എന്ന ശിർഷകത്തിലാണ് ഈ ഗാനം ആദ്യമായി പ്രസിദ്ധീകരിച്ചത്.



# മാതൃഭാഷ

മാതൃഭാഷ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്.കേവല
മായ ആശയവിനിമയത്തിനപ്പുറം ഭാഷ നിർവഹിക്കുന്ന
ധർമ്മങ്ങൾ ഏറെയാണ്.
സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ മാതൃഭാഷ നിർണായകമായ പങ്കുവഹിക്കുന്നു.നമ്മുടെ അറിവുകളും അനുഭവങ്ങളും സ്വാഭാവികമായ രിതിയിൽ ആവിഷ്കരിക്കാനും വിനിമയം ചെയ്യാനും മാതൃഭാഷയിലൂടെ കഴിയുന്നു.




- ജോയൽ പി എഫ്

# കനവ്



അതിജീവനം

-വിസിലിൻ

# മധുകണം



മധുരം നുകരാൻ വരും
തേൻവണ്ട് പോൽ
നീ വന്നു രാവിൽ- നിലാവിൽ
തൂമഞ്ഞുപെയ്യും നിലാവിൽ
സ്വർണ്ണച്ചിറകുള്ളതാരഗണ-
ങ്ങളൊപ്പംനീ  വന്നു കാറ്റിലാടും
നാളം പോലെ  നീ
പകലിൻ
വാതിൽതുറന്നേവന്നില്ലയോ

ആഷ്മി റോസ് സജി

## കനവ്

# കേരളം



മലയാളത്തിൻ തനിമയുണർത്തും

മധുരമനോഹര

കേരളം. കനവിലും നനവിലും

നിനവിലും കതിരുവിതക്കും മലനാടിൻ



കേരളം.

ദേവിക ജയരാജ്

# പക

ദുരമൂത്തു നമ്മൾക്ക് പുഴകറുത്തു
ചതിമൂത്തു നമ്മൾക്ക്
മലവെളുത്തു
തിരമുത്തമിട്ടോരു
കരിമണൽ
തീരത്തു വരയിട്ടു
നമ്മൾ പൊതിഞ്ഞെടുത്തു
പകയുണ്ട് ഭൂമിക്ക് പുഴകൾക്ക്
മലകൾക്ക് പുകതിന്ന പകലിനും
ദേഷ്യമുണ്ട്
പുകതിന്ന പകലിനും ദേഷ്യമുണ്ട്




- വിഷ്ണു

## കനവ്

### നമ്മുടെ കേരളം

മലയാളത്തിൻ തനിമ ഉണർത്തും
മധുര മനോഹര കേരളം. കനവിലും,
നിനവിലും കതിരുവിതക്കും മലനാടിൻ-
കേരളം. ഒരുമയോടും തനിമയോടും
ചിറകുവിരിക്കുമീ, സ്വപ്നനകരം.
നാടിൻ വികസന നഖരിയില്-
ഒന്നായ് ഉണരുമീ കൂട്ടായ്മകള്.
കേരളമെന്ന നമ്മുടെ നാട്ടില് പുതുതല-
മുറകള് കനവുരുക്കിടുന്നു.

അന്ന റേച്ചൽ



കനവ്

# മഴ

മഴ മഴ പുതുമഴ പെയ്യട്ടെ
ചറപറ പെരുമഴ പെയ്യട്ടെ
തവളകൾ
ചാടിരസിക്കട്ടെ
മീനുകൾ
ചാടിരസിക്കട്ടെ
മരങ്ങളും
ആടിരസിക്കട്ടെ



- അനന്ദു എസ് നായർ

# പ്ലാസ്റ്റിക്കുണ്ടാക്കുന്ന വിപത്തുകൾ



വലിയ തന്മാത്രാഭാരമുള്ള ഒരു വസ്തുവാണ് പ്ലാവസ്റ്റിക്ക്.അനേകായിരം വർഷങ്ങൾ ഇവനശിക്കാതെ നമ്മുടെ ചുറ്റുപാടിൽ നിലനില്ക്കുമെന്നതാണ് അവയുടെ പ്രധാന ന്യൂനത.
നമ്മുടെ നിത്യജീവിതത്തിൽ പ്ലാസ്റ്റിക്ക്



ഉല്പന്നങ്ങൾ ഒരു പ്രധാനഘടകമായി മാറിക്കഴിഞ്ഞു. ഭക്ഷണം കഴിക്കിന്നതിനും ഭക്ഷണവും മരുന്നും സൂക്ഷിക്കുന്നതിനും ഭക്ഷണം പൊതിഞ്ഞ് സൂക്ഷിക്കിന്നതിനും പ്ലാസ്റ്റിക്ക് പാത്രങ്ങൾ ഉപയോഗിക്കുന്നു.

## കത്തിക്കുമ്പോൾ സംഭവിക്കുന്നത്

ഉപയോഗിച്ചുകഴിഞ്ഞശേഷം വലിയച്ചെറിയുകയും മറ്റും ചെയ്യുന്ന പ്ലാസ്റ്റിക്ക് കവറുകളും ബോട്ടിലുകളും മറ്റും ഭൂമിയെ പലവിധത്തിൽ വിഷമയമാക്കിക്കൊണ്ടിരിക്കുകയാണ്. നശിക്കാതെ ഭൂമിയിൽ

# കനവ്

കിടക്കുന്നതുകൊണ്ട് ഇത് പ്രകൃതിജന്യമായ പ്രവർത്തനങ്ങൾക്ക് തടസ്സം വരുത്തുകയും ജലസംഭരണശേഷിയും വായുസഞ്ചാരവും ഇല്ലാതാക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക്ക് നമ്മുടെ കൃഷിരീതിയെയും കാർഷികവിളകളുടെ ഉല്പാദനലത്തെയും ബാധിക്കുന്നു.പ്ലാസ്റ്റിക്ക് കവറുകളും മറ്റ് പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളും കത്തിക്കുമ്പോൾ ഡയോക്സിൻ ഉൾപ്പെടെയുള്ള വിഷവാധനങ്ങൾ അന്തരീക്ഷത്തിൽ കലരുന്നതായി പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ഇവ മനുഷ്യരിൽ കാൻസർ ഉണ്ടാക്കുമെന്നും വ്യക്തമായിട്ടു
ണ്ട്.

അന്തരീക്ഷത്തിൽ ദീർഘകാലം നിലനില്ക്കുന്ന ഒരു കൂട്ടം വിഷപദാർത്ഥങ്ങളാണ് ഡയോക്സിൻ. കാൻസറിന് പുറമെ ഹൃദ്രോഗം, ആമാശയരോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവയ്ക്കും ഡയോക്സിൻ കാരണമാകുന്നുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു.




കടപ്പാട് :ശാസ്ത്രകേരളം

അലക്സ് സജി

# കുട്ടിക്കാലം

എത്ര നല്ല മനോഹരം

ഓർമ്മകൾ തന്നീടും എൻ

കുട്ടികാലം

ബാല്യത്തിൽ നിന്ന്

മുതിർന്നപ്പോൾ

ഓർക്കുവാനും

രസിക്കാനും

ഒത്തിരിയുള്ള കുട്ടിക്കാലം



മുഹമ്മദ് ഷാൻ

# നീലാകാശം



അതിരില്ലാതെ പറന്നു
കിടപ്പുണ്ടാകാശം നീലാകാശം
അവിടെപ്പക്ഷി കണക്കേ
പായാൻ
കവിയുന്നുണ്ടോ മോഹം.
ചിറകില്ലാതെ രഥമില്ലാതെ
പാറാനെങ്ങനെയാവും?
ആരുതന്നു പറക്കാനുള്ള
ശക്തി
വിശാലമായ നീലാകാശത്ത്.
നല്ലൊരു വെയിലിൽ നിറഞ്ഞു
നിൽക്കും
നല്ലൊരു സുന്ദരമായ നീലാകാശം.
നീല കളറിൽ നിറഞ്ഞു നീലാകാശം.

-ലൈബാൻ ബഷീർ

കനവ്

# കുഞ്ഞേ നീ അറിയാൻ

"നിന്റെ
ഭക്ഷണത്തിന്റെ
ഒരുപങ്ക്
വിശക്കുന്നവർ
ക്കു ഉള്ളതാണ്
നിനക്കായി
അധികമുള്ള വസ്ത്രം
നഗ്നരുടേതാണ്
നിനക്ക് അധികമുള്ള ചെരുപ്പുകൾ
നിഷ്പാദുകരുടേതാണ്
നീ ചെയ്യാതിരുന്ന നന്മ
അനീതിയാണ്".




നന്ദന സനിൽ

# കനവ്

"കണ്ണടച്ച്
സ്വപ്നം
കാണരുത്
കണ്ണ് തുറന്ന്
സ്വപ്നംകാണുക"





– എ പി ജെ
അബ്ദുൾ കലാം

റോഷൻ ജോബി

# എഴുതുവാൻ

മടിപിടിക്കുന്നു എഴുതുവാൻ...
മനസ്സിൽ ചിറകടി ശബ്ദം കേൾക്കാം...
എന്നിട്ടും എന്തോ...
വായിക്കുവാനും
കേൾക്കുവാനും...
ആരും ഇല്ലാത്തതുപോലെ...



-സഹൽ നാസർ

# പരിശ്രമം

ഒരിടത്ത് ഒരു വയസ്സനായ കഴുതയുണ്ടായിരുന്നു. അവന്റെ ഉടമസഥൻ അവനെ കൊല്ലാൻ തീരുമാനിച്ചു. ഒരു ദിവസം കഴുത പൊട്ടകിണറ്റിൽ വീണു അപ്പോൾ അവൻ ഉടമസഥൻ അവനെ കൊല്ലാൻ തീരുമാനിച്ചു. അവൻ മുകളിലേക്കു മണലിട്ടു മൂടാൻ തീരുമാനിച്ചു. ബുദ്ധിമാനായ ആ കഴുത അവന്റെ മുകളിലേക്കു വീണ മണ്ണ് കുടഞ്ഞിട്ട് അതിന്റെ മുകളി കയറി നിന്നു കുറച്ചു കഴിഞ്ഞപ്പോൾ ആ കഴുത ഉടമസഥനെ വിട്ട് ദൂരെ പോയി.

–സൈനോ ബെന്നി



# സൗന്ദര്യം

ഗുരുവിന് സൗന്ദര്യം ജ്ഞാനവും സ്നേഹവും

ശിഷ്യർക്ക് ബുദ്ധിയും വിനയമതും
കടലിന് സൗന്ദര്യം തിരമാലയും
കാടിനു സൗന്ദര്യം കളകളവും
കുയിലിന്റഭംഗിയോ സംഗീതവും
മയിലിന് പീലിതൻ വർണ്ണമതും
രാജാവിന്സൗന്ദര്യം സത്ഭരണം
മന്ത്രിക്ക് തന്ത്രവും നൈപുണ്യവും
സൂര്യന് തീക്ഷ്ണമാം രശ്മികളും.



ബെൽസ ബിജു

# സഹോദരങ്ങൾ

ദൈവം തന്ന ദാനമാണ്
ദൈവം തന്ന സ്നേഹമാണ്
അമ്മ തന്ന കരുതലാണ്
അമ്മ തന്ന കൂട്ടുകാര്





നമ്മെ വഴി നടത്തും

നമുക്ക് നല്ലത്
പറഞ്ഞുതരും
നമ്മെ
ലാളിക്കുംസ്നേഹമാണ്
കരുതലിൻ നിറകുടമാണ്

- ടോമിൻ മൈക്കിൾ

# ബാല്യം

മാവിൻചോട്ടിലെ മണമുള്ള
മധുരമാം മനതാരിൽ
കുതിരുന്നെൻ ബാല്യം.
മാമ്പഴചാറിൻ മധുനുകർന്ന്
നടന്നകാലം കൊച്ചു കാലം.
എന്നും ഓർമ്മയിൽ തുളുമ്പുന്ന
എൻ ബാല്യം
മറക്കുവാനാവില്ല ഒരിക്കലും
എൻ ബാല്യം.



-അതുല്യ
ബിജു

കനവ്

# പ്രകൃതി



പ്രകൃതി അതിന്റെ മണ്ഡലത്തിൽ ഒരിക്കലും ശൂന്യതയ്ക്ക് ഒരിടം അനുവദിച്ചു കൊടുക്കില്ല എന്ന് പറയാറുണ്ടല്ലോ.അതു പോലെ തന്നെ മൂലധനം ലാഭത്തിന്റെ അഭാവത്തെയോ നിസ്സാരമായ ലാഭത്തെയോ അനുവദിക്കുകയില്ല.

-യാസിൻ സലിം

# കനൽ

ഓർമ്മകൾ  കനൽ തലോടും
കാറ്റിലാടും  തീ നാളം പോൽ
നാം ഒന്നായ് കാണും ലോകം
നേടാൻ പക.......



തീച്ചുള പോൽ പക.
ആളിക്കത്തും എൻ
പക.



പുതു തീരങ്ങൾ തേടും.
കൊതി തീരാതെ ഹൃദയം
പകലിൻ വാതിലിൽ
കത്തും തീ നാളമായ് പക.

ആളിക്കത്തും തീ പക.......ബാല്യം.

-വിഷ്ണു പ്രസാദ്

# മഴത്തുള്ളി

മേഘത്തിൻ മിഴിനീർ തുള്ളിയാൽ
ഞാൻ വന്നു ഭൂമിതൻ മീതെ
കണ്ണുനീർ കണങ്ങളാൽ
എന്നെ പൊഴിച്ചു മേഘം
തുവെള്ളത്തുള്ളിയാൽ
എന്നെ പൊഴിച്ചു മേഘം
കുളിരായ് വന്നു ഞാൻ
ഭൂവിൽ വന്നേ
ജലാശയം നിറഞ്ഞു
ഞാനാൽ കവിഞ്ഞു.



# കനവ്



# ഒരു രോഗം നമുക്ക് നല്കിയ പാഠങ്ങൾ



ബാക്ടീരിയാകളുടെ നൂറിലൊന്ന് മാത്രം വലിപ്പമുള്ള സൂക്ഷ്മാണുക്കളാണ്. ഇവയ്ക്ക് സ്വതന്ത്രമായി നിലനില്ക്കാനാവില്ല. ഇവയിൽ ചിലത് മനുഷ്യരിലു മൃഗങ്ങളിലും ഒരുപോലെ നിലനില്ക്കാൻ കഴിവുള്ളതും മറ്റു ചിലത് മനുഷ്യരെക്കൂടാതെ ചില ജന്തുക്കളിലോ സസ്യങ്ങളിലോ മാത്രം



അതിജീവനസാധ്യത ഉള്ളവയുമാണ്.ഇവയിൽ പലതും ഉപദ്രവകാരികൾ അല്ല. എന്നാൽ ചിലവ



രോഗകാരികളാണ്. ഇവയിൽത്തന്നെയുള്ള ചിലയിനം വൈറസുകൾക്ക് ഇടയ്ക്കിടെ ജനിതിമാറ്റം  വരാനുള്ള കഴിവുകളുള്ളതിനാൽ ഇവയിൽ രോഗകാരികളായിട്ടുള്ളവയ്ക്കെതിരേ ഔഷധങ്ങളും വാക്സിനുകളും പരാജയപ്പെടുകയാണ് പതിവ്

സമ്പാദനം:ടോമിൻ

# കനവ്


1 ഇവിടെ മലിന്യം ഇടരുത്?
2 വേറെ എവിടെ ഇടാനാ?..
3 അത് സർക്കാരിൽ നിന്ന് വണ്ടിവരും.
എന്ന്?
ഇന്ന്മുതൽ മലിന്യ മുക്ത കേരളം പണിയാം..

– എൽബിൻ

# കേരളം





എന്റെ നാട്ടു കേരളം
ഞാൻ ജനിച്ച കേരളം
എന്റെ നാട്ടു പേരുകേട്ട
ഭംഗിയുള്ള കേരളം
കവിതയുടെ ഉത്ഭവം എൻ
കേരള മണ്ണിൽ നിന്നും
മാതാ പിതാ ഗുരു എന്ന
പറഞ്ഞു തന്ന കേരളം
എന്റെ നാട് ജീവനുള്ള
ശക്തിയുള്ള കേരളം
എന്റെ നാട്ടു കേരളം
ഞാൻ ജനിച്ച കേരളം
എന്റെ നാട്ടു പേരുകേട്ട
ഭഗിയുള്ള കേരളം

-അനന്ദു

# കനവ്



## അമ്മ മലയാളം




കേരളത്തിന്റെ മാതൃഭാഷയാണ് മലയാളം.അമ്മയാകുന്ന മാതൃഭാഷയെ സ്നേഹിക്കുന്നവരായിരുന്നു മലയാളികൾ.പക്ഷേ ഇപ്പോൾ കാലം മാറി,മലയാളത്തെ പുച്ഛിക്കുന്ന രീതിയിലാണ് സമൂഹം പോകുന്നത്.ഇപ്പോൾ എല്ലാ സ്കൂളുകളിലും മലയാളത്തെക്കാൾ പ്രാധാന്യം വെള്ളക്കാരുടെ ഭാഷയായ ഇംഗ്ലീഷിനാണ്.ഇനി നമുക്ക് ചെയ്യാൻ കഴിയുന്നതെന്താണെന്നുവെച്ചാൽ നമ്മുടെ പുതിയതലമുറയെ നമ്മൾ മലയാള ഭാഷയെ സ്നേഹിക്കാൻ പഠിപ്പിക്കുക.

ജോയൽ റോയ്

# ഓർമ്മയാകുന്ന മഴ

ഒരു മഴ പെയ്തു ഈ വഴിവീണ്ടും
ഒരു കുട ചൂടിയ
ചുലരിയിലങ്ങനെ
നീളുമൊരു
മഴയോർമ്മയിൽ
നാളേറെ
കാത്തുവച്ച
സൗഹൃദം
മഴയോടൊത്തൊന്നു കളിക്കാൻ
കൊതിച്ചകാലം
ഓർക്കുമ്പോൾ ഈറനണിയുന്ന മോഹം
ഒന്നും മിണ്ടാതെ നീ പെട്ടെന്നു പിരിഞ്ഞു പോയ്



-ഷിനാസ്

# കനവ്

## പുഴ

ഒഴുകുവാൻ കൊതിക്കുന്ന ഞാൻ



മന്ദം മന്ദമായി

നീലയായി വെള്ളയായി അമൃതായി

ഒഴുകുന്ന ഞാൻ

— സ്റ്റാൻലി തോമസ്



## കനവ്

# സംഗീതം ....


സംഗീത ലഹരിയിൽ ആടി ഉലഞ്ഞ് ,
ഏകമാം ഗാനത്തിൽ ഒഴുകിനടന്ന്,
പൂന്തളിർ തോട്ടത്തിൽ പറന്ന നടന്ന്,
സ്നേഹമാം ഭൂമിതൻ,
മടിയിൽ ആടി,
പ്രകൃതിയാം അമ്മതൻ,
ഭംഗിയെ ആസ്വദിച്ച്,
അച്ഛന്റെ മടിയിൽ ഉറങ്ങി,
പവിഴമാം സ്വപ്നങ്ങൾ കണ്ടുണരാം..........

മാത്യു സി മാർട്ടിൻ



# കനവ്

" വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും
വളരും
വായിച്ചു വളർന്നാൽ
വിളയും
വായിക്കാതെ വളർന്നാൽ
വളയും "



(കുഞ്ഞുണ്ണി മാഷ്)

-നന്ദന സുനിൽ

# ആത്മസംഗീതം

എൻ ഹൃദയത്തിങ്കലെ ആത്മസംഗീതമേ

അനശ്വരമായ് നീ ഒഴുക്കൂ

ഒഴുക്കി ഒഴുക്കി നീ എൻ നാവിൽ

തുളുമ്പുന്ന ഹൃദയസംഗീതമായ് ഒഴുക്കൂ

എൻ ആത്മസംഗീതമേ എല്ലാം

നിന്നിൽ അർപ്പണമായ്


ആത്മസംഗീതമേ ....... ദിവ്യസംഗീതമേ.......

ജീവനായ്  നീ ഒഴുക്കൂ.........



അനന്തപദ്മനാഭൻ

# കനവ്




-എവിൻ

# വെള്ളിലവള്ളി




കമ്മലിനൊക്കും പൂവുകൾ ചാരേ
നിർമ്മലവെള്ളപ്പട്ടിലകൾ
ചില്ലകൾതോറും നൂറുകണക്കിനു
നല്ല പതുത്തൊരു പച്ചിലകൾ
വെള്ളിലവള്ളിയിതെല്ലാം ചാർത്തി-
ത്തുള്ളിരസിച്ചു തിമിർക്കുമ്പോൾ
ഉള്ളിലസൂയപ്പെട്ടു വാടി-
ക്കുള്ളിലനേകം പൂച്ചെടികൾ
മന്ദമണഞ്ഞു വനികയിലേയ്ക്കൊരു
സുന്ദരിയാം ചെറുപൂമ്പാറ്റ
ചേതോഹരമായ്  വായുവിൽ നീന്തിട്ടു-
മേതോ ദേവതയെന്നോണം
മന്നിതിലേക്കു വിരുന്നുവരുന്നൊരു
മഴവില്ലിന്മകളെന്നോണം
വിരകെന്നവളെ വിളിച്ചു വീശും
ചെറുചില്ലകളാൽ പൂച്ചെടികൾ.

- അലൻ മാത്യു സാമുവൽ

## കഥ

## മാന്ത്രികക്കല്ല്

ഒരിക്കൽ ഒരിടത്ത് രണ്ട്
സഹോദരങ്ങൾഉണ്ടായിരുന്നു. അതിൽ
മുത്തവൻ ധനികനായിരുന്നു ഇളയവൻ
ദരിദ്രനും. ഇളയവൻ
ചേട്ടന്റെ അടുത്ത് സഹായം
അഭ്യർത്തിമ്പോൾ



സഹായിക്കുകയില്ല. പിന്നീട് അവന് ചെട്ടനെ
കാൾ ധനികനാകണം എന്ന്
ആഗ്രഹിക്കുകയും ചെയ്തു അങ്ങനെ
ഇരിക്കുമ്പോൾ
ഒരുമാലാകവന്ന് ഒരു മാന്ത്രിക കല്ല്
കൊടിത്തിട്ട് പറഞ്ഞു " ഇത് ഒരു മാന്ത്രിക
കല്ലാണ് നീ എന്ത് ചേദിച്ചാലും അത് നിനക്ക്
നൽകുന്നതാണ് പക്ഷേ
ഒരു കാര്യം നിന്റെ ആവിശ്യം കഴിയുമ്പോൾ
അത്

# കനവ്

ഒരു ചുവന്ന തുണി കൊണ്ട് മൂടണം". അവൻ അത് വീട്ടിൽ കൊണ്ട് പോയി പരീക്ഷിച്ച് നോക്കി . അവൻ അതിനോട് പറഞ്ഞു ഓ മാന്ത്രിക കല്ലേ എനിക്ക് പണം തരുവിൻ . അങ്ങനെ അത് പണം തരുവാൻ തുടങ്ങി അവന് ആവശ്യത്തിന് പണമായപ്പോൾ അവന് അത് ഒരു ചുവന്ന തുണി കൊണ്ട് മൂടി. അങ്ങനെ അവന് ആവ്യശ്യം വരുമ്പോൾ അതിനോട് സഹായം തേടുകയും ചെയ്യും അങ്ങനെ അവൻ ധനികനാവുകയും അവൻ ചേട്ടനെ കാൾ ധനികനായി മാറുകയും ചെയ്യു..............,




അസ്ജദ് എം ബഷീർ




# ഭാഷ

ഭാഷാഎന്നത് നമ്മുടെ ജീവിതത്തിലെ  മുഖ്യഘടകമാണ്. ഭാഷയിലൂടെയാണ് നാം ആളുകളുമായി  ആശയം കൈമാറുന്നത് അതുകൊണ്ട് തന്നെ ഭാഷ നമ്മുടെ ജിവിതത്തിൽ അനവാര്യമാണ്.

വാക്കുകൾ കുടിചെർന്ന് ഭാഷ ഉണ്ടാകുന്നു ആ ഭാഷയെ ഒരു പുസ്തകത്തിൽ ഉൾപ്പെടുത്തി ജീവിക്കുന്നവരുമുണ്ട് അതു കൊണ്ട് തന്നെ നമ്മൾ ഭാഷയെ മാനിക്കേണ്ടതാണ്.

- അനിരുദ്ധ് വി. ബി

# മാലാഖ

ദൈവത്തെ  എന്നും സ്നേഹിക്കാൻ
നന്മകൾ മാത്രം ചെയ്തീടാൻ
സോദരർക്കായെന്നും സ്നേഹിക്കാൻ
എന്നും നമ്മുടെ മാലാഖ

എന്നെ
കാക്കുന്ന മാലാഖ
കൂടെ  നടക്കും
മാലാഖ

അൽഫിൻ

# കനവ്




## മുത്തശ്ശിയും
## കുട്ട്യോളും

മാനം കറുത്തല്ലോ കുട്ട്യോളേ

മഴപെയ്യും വേഗത്തിൽ പോന്നോള്ള

ഇടിവെട്ടും മിന്നലും കണ്ടേക്കും

ഇനിയൊട്ടും നേരം കളയേണ്ടാ

പുസ്തകം നനയാതെ നോക്കേണം

പുത്തനുടുപ്പും നനയേണ്ടാ

# കനവ്

ചെളിവെള്ളമാകെ തെറിപ്പിച്ചാ –

ചേലെഴും മേനി കഴുകേണ്ടേ

അന്നം കഴിക്കെന്റെ കുട്ട്യോളേ

സന്ധ്യപരന്നു കഴിഞ്ഞുട്ടോ

സന്ധ്യാപ്രാർത്ഥന ചൊല്ലേണ്ടേ

ഈശോയ്ക്കു നന്ദി പറഞ്ഞില്ലേൽ

ഐശ്വര്യം കിട്ടില്ല കുട്ട്യോളേ.....

–അലൻ മാത്യു

# കനവ്

## നന്ദിയോടെ........,

ഡിജിറ്റൽ മാഗസിൻ ഭംഗിയുള്ളതും
ആസ്വാദ്യകരവുമായി നിർമ്മിക്കാൻ
ഞങ്ങളോട് സഹകരിച്ച എല്ലാ ലിറ്റിൽ
കൈറ്റ്സ് അംഗങ്ങൾക്കും മാഗസിനുവേണ്ട
നിർദേശങ്ങൾ നൽകി ഇതിനു പിന്നിൽ
പ്രവർത്തിച്ച ഞങ്ങളുടെ കൈറ്റ്
മിസ്ട്രിസ്സുമാരായ സി. ടെസ് ലിനും
സി.ജോയ്സിനു
നന്ദിയർപ്പിക്കുന്നു...



കനവ്

